ഭരണഭാഷ - മാതൃഭാഷ

നം. P3/16731/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33.
ഫോൺ : 0471-2303107
തീയതി : 15.5.2017.

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾമാരുടെ മീറ്റിംഗ് കൂടുന്നത് - സംബന്ധിച്ച്.

സൂചന: 09.05.2017-ലെ 16/2017/എ.പി.എസ്.2/എം.(ഇ.ഡി.എൻ.) നമ്പർ സർക്കാർ കത്ത്.

---------

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട് എന്നും ഇതിലേക്കായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ആവശ്യമായ അടിസ്ഥാനവിവരങ്ങൾ ലഭ്യമാക്കാൻ ഇതിനോടകം എല്ലാ കോളേജുകളോടും ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ടി വിഷയം സംബന്ധിച്ചും ഓരോ കോളേജിലെയും അക്കാദമികവും ഭൗതികവുമായ കാര്യങ്ങളും വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിലേക്കായി എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാരുടെ ഒരു യോഗം 22.05.2017 ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് നിയമസഭയിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ ചേരുന്നതിന് ബഹു. വിദ്യാഭ്യാസ മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട് എന്നും, പ്രസ്തുത യോഗത്തിൽ ആവശ്യമായ വിശദാംശങ്ങൾ സഹിതം ഹാജരാകുന്നതിന് എല്ലാ പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകണമെന്നും ബഹു. വിദ്യാഭ്യാസമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. പി. ഷെറീഫിന്റെ സൂചന കത്തിൽ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാരും പ്രസ്തുത മീറ്റിംഗിന് ആവശ്യമായ വിശദാംശങ്ങൾ സഹിതം നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്നറിയിക്കുന്നു.

ഒപ്പ്/-

ആർ. വിക്രമൻ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

//അംഗീകാരത്തോടെ//

TP – 15.5.2017.

സൂപ്രണ്ട്

GOVERNMENT OF KERALA